ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ ഒഴിവുവരുന്ന തസ്തികകളിലേക്ക് നിയമനം

35 [3549] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിൽ ഒഴിവ് വരുന്ന അംഗനവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുവാൻ അപേക്ഷ ക്ഷണിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ ആകെ എത്ര അപേക്ഷകൾ വർക്കർ, ഹെൽപ്പർ തസ്തികകളിലേക്ക് ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രോജക്ടിലെ ഓരോ പഞ്ചായത്തിലും എത്ര വീതം ഒഴിവുകളുണ്ടെന്നും എത്ര വീതം അപേക്ഷകൾ വിവിധ തസ്തികകളിലേക്ക് ഉണ്ടായിരുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. വർക്കർ തസ്തികയിലേക്ക് 4286-ഉം ഹെൽപ്പർ തസ്തികയിലേക്ക് 1242-ഉം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ ഓരോ പഞ്ചായത്തിലും ഉള്ള വർക്കർ/ഹെൽപ്പർ ഒഴിവുകളുടെയും ലഭിച്ച അപേക്ഷയുടെയും വിവരം ചുവടെ ചേർക്കുന്നു:

പഞ്ചായത്തിന്റെ പേര്	ഒഴിവുകളുടെ എണ്ണം		ലഭിച്ച അപേക്ഷകൾ	
	വർക്കർ	ഹെൽപ്പർ	വർക്കർ	ഹെൽപ്പർ
അത്തോളി	-	6	407	122
ഉള്ളിയേരി	1	2	560	182
നടുവണ്ണൂർ	-	-	458	107
കോട്ടൂർ	-	1	654	190
കൂരാച്ചുണ്ട്	1	5	128	39
പനങ്ങാട്	4	2	601	191
ബാലുശ്ശേരി	-	2	718	204
ഉണ്ണിക്കുളം	1	1	760	207
ആകെ	**7**	**19**	**4286**	**1242**

LIBRARY ARCHIVES Kerala Legislative Assembly